2. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെന്റലി ഹാന്റിക്യാപ്ഡ്, പാങ്ങപ്പാറ എന്ന സ്വയംഭരണ സ്ഥാപനവും പ്രവർത്തിക്കുന്നു. ഇത് ദേശീയതല സ്ഥാപനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. ചികിത്സകൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയാത്ത വിധത്തിലുള്ള മാനസിക വൈകല്യമുള്ള 16 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉദ്ദേശിച്ച് മലപ്പുറത്ത് മഞ്ചേരിയിൽ കസ്റ്റോഡിയൻ കെയർ ഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

4. ഇതു കൂടാതെ ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ ക്ഷേമം, വിദ്യാഭ്യാസം, പുനരധിവാസം, സംരക്ഷണ പരിപാലനം എന്നിവയ്ക്കു വേണ്ടി വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ഈ സ്ഥാപനങ്ങളുടെ പൂർണ്ണമായ പേരുവിവരം ലഭ്യമല്ല.

(സി) സഹകാര്യ ഏജൻസികൾക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്ന പദ്ധതികൾ ഒന്നും നിലവിലില്ല.

(ഡി) ബാധകമല്ല.

28 (1757) മന്ദബുദ്ധികളുടെ ക്ഷേമം

സി.

ശ്രീ. കെ. വേണുഗോപാൽ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ദബുദ്ധികളായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് ഗവൺമെന്റുടമയിൽ എത്ര വിദ്യാലയങ്ങളുണ്ട്:

(ബി) ഓരോ ജില്ല തോറും മന്ദബുദ്ധികൾക്കുവേണ്ടി സ്കൂൾ ആരംഭിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) മന്ദബുദ്ധികളായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് മാത്രമായി ഗവൺമെന്റുടമയിൽ പ്രത്യേക വിദ്യാലയങ്ങളില്ല. എന്നാൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, തിരുവനന്തപുരത്ത് പാങ്ങപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാന്റിക്യാപ്ഡ് എന്നീ സ്ഥാപനങ്ങൾ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

(ബി) 1995-ലെ കേന്ദ്ര വികലാംഗ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതോടുകൂടി ഇക്കാര്യത്തിലും തീരുമാനമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly